

# ഊഹങ്ങളിൽനിന്ന് ഉറപ്പിലേക്ക്

കവർസ്റ്റോറി ●

**ചാൾസ് ലീ ഗായ് ഈറ്റൺ**

---

**അജ്ഞേയവാദിയായി** വളർന്ന്, ദൈവിക വെളിച്ചത്തിലൂടെ വഴി നടന്ന് ഇസ്‌ലാമിന്റെ ശാദ്വല തീരത്തണഞ്ഞ സ്വിസ് ചിന്തകനാണ് ചാൾസ് ലീഗായ് ഈറ്റൺ എന്ന ഹസൻ അബ്ദുൽ ഹകീം. താൻ കണ്ടെത്തിയ സത്യത്തിലേക്ക് അനേകം പേരെ കൈപിടിച്ചാനയിച്ച പ്രബോധകനും നിരവധി പ്രൗഢ ഗ്രന്ഥങ്ങൾ രചിച്ച പ്രതിഭാശാലിയുമാണ് 2010 ഫെബ്രുവരി 26-ന് വെള്ളിയാഴ്ച അന്തരിച്ച ഹസൻ അബ്ദുൽ ഹകീം.

1921-ൽ സ്വിറ്റ്സർലന്റിൽ ജനിച്ച ഗായ് ഈറ്റണെ അജ്ഞേയവാദിയായി വളർത്തിയത് മാതാപിതാക്കളാണ്. ചാർട്ടർ ഹൗസിലും കാംബ്രിഡ്ജിലെ കിംഗ്സ് കോളേജിലും പഠിച്ച അദ്ദേഹം അധ്യാപകനും പത്രപ്രവർത്തകനുമായി ജമൈക്കയിലും ഈജിപ്തിലും നീണ്ടകാലം പ്രവർത്തിച്ചു. പിന്നീട് 1949-ൽ ബ്രിട്ടീഷ് ഡിപ്ലോമാറ്റിക്

സർവീസിൽ ചേർന്നു. 1951-ലാണ് ഗായ് ഈറ്റൺ ഇസ്‌ലാം സ്വീകരിച്ചത്. പ്രമുഖ ഇസ്‌ലാമിക ചിന്തകനും പ്രവാചകനെ കുറിച്ച് മികച്ച ഒരു ജീവചരിത്ര കൃതിയുടെ രചയിതാവുമായ ഡോ. മാർട്ടിൻ ലിംഗ്സ് ആണ് അദ്ദേഹത്തിന്റെ ഇസ്‌ലാം സ്വീകരണത്തിന് വഴികാട്ടിയായത്. ലണ്ടനിലെ ഇസ്‌ലാമിക് കൾച്ചറൽ സെന്ററായി പിന്നീട് അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തന കേന്ദ്രം. 1996-ൽ മുസ്‌ലിം കൗൺസിൽ ഓഫ് ബ്രിട്ടൻ എന്ന സംഘടനയുടെ ഭരണഘടന തയാറാക്കുന്നതിലും അദ്ദേഹം പങ്കുവഹിച്ചു.

Islam and the Destiny of Man, King of the Castle, Remembering God, A Bad Beginning and the Path to Islam തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ കൃതികൾ. യു.കെയിൽ നിരവധി പേരെ ഇസ്‌ലാമിലേക്ക് ആനയിച്ചതിൽ അദ്ദേഹത്തിന്റെ കൃതികൾക്ക് വലിയ പങ്കുണ്ട്. വിശ്വാസികളോ സെക്യുലറിസ്റ്റുകളോ ആയ പാശ്ചാത്യ വായനക്കാർക്ക് ഇസ്‌ലാമിന്റെ സന്ദേശം മനസ്സിലാക്കാൻ ഗായ് ഈറ്റണിന്റെ കൃതികൾ മുതൽക്കൂട്ടായി. മത താരതമ്യപഠനത്തിൽ നിരവധി ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. 2010 ജനുവരിയിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ആത്മകഥാപരമായ കൃതിയാണ് A Bad Beginning and the Path to Islam.


ആധുനിക ബ്രിട്ടനിൽ ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ ഗായ് ഈറ്റൺ അനൽപമായ പങ്കുവഹിച്ചുവെന്നാണ് യൂസുഫുൽ ഇസ്‌ലാം തന്റെ അനുശോചന സന്ദേശത്തിൽ പറഞ്ഞത്. "ഹൃദയം നിറഞ്ഞ സ്നേഹത്തിന്റെ ദാർശനികനായിരുന്നു ഗായ് ഈറ്റൺ. ഇസ്‌ലാമിക ചിന്തയുടെയും അധ്യാപനങ്ങളുടെയും ആത്മീയ ഭാവങ്ങളുടെ ആഴം മനോഹരമായി ആവിഷ്കരിച്ച എഴുത്തുകാരനായിരുന്നു അദ്ദേഹം. എന്റെ ഉത്തമ സുഹൃത്തും ഞാൻ ഇസ്‌ലാമിലേക്ക് പിച്ചവെച്ചുതുടങ്ങിയ നാളുകളിൽ എന്റെ വഴികാട്ടിയുമായിരുന്നു അദ്ദേഹം." പ്രശസ്ത പോപ് സംഗീതജ്ഞൻ യൂസുഫുൽ ഇസ്‌ലാമിന്റെ വാക്കുകളിൽ ഗായ് ഈറ്റന്റെ വ്യക്തിത്വം പ്രതിഫലിക്കുന്നു.

"നമ്മുടെ സഹോദരൻ ഹസൻ അബ്ദിൽ ഹകീമിനെ അല്ലാഹു അനുഗ്രഹിക്കട്ടെ. അല്ലാഹുവിന്റെ സ്വർഗത്തിൽ അത്യുന്നത സ്ഥാനവും നല്ല കൂട്ടാളികളും അദ്ദേഹത്തിന് ഉണ്ടാകുമാറാകട്ടെ" എന്ന യൂസുഫുൽ ഇസ്‌ലാമിന്റെ പ്രാർഥന ഉരുവിട്ടുകൊണ്ട് ഗായ് ഈറ്റണിന്റെ ആത്മകഥാപരമായ ഈ ലേഖനം വായിച്ചുതുടങ്ങാം.

*   *   *   *

**സ്വിറ്റ്സർലന്റിലാണ്** ഞാൻ ജനിച്ചത്. യുദ്ധകാലത്ത്, ബ്രിട്ടീഷ് മാതാപിതാക്കളുടെ മകനായി ഞാൻ പിറക്കുമ്പോൾ അടുത്ത് ലോസാൻ എന്ന സ്ഥലത്ത് ഒന്നാം ലോകയുദ്ധത്തിനറുതിയുണ്ടാക്കിയ അന്തിമ ഉടമ്പടി തുർക്കിയുമായി ഒപ്പുവെക്കുന്നുണ്ടായിരുന്നു. ലോകത്തിന്റെ മുഖം തന്നെ മാറ്റിയ ആ വൻകൊടുങ്കാറ്റ് തൽക്കാലത്തേക്ക് ശമിച്ചു. എങ്കിലും അതുണ്ടാക്കിയ ക്ഷതം എങ്ങും കാണാമായിരുന്നു. പണ്ടത്തെ തീർച്ചകൾക്കും അവക്കു മേൽ പണിത സദാചാരത്തിനും മാരകമായ ആഘാതമേറ്റിരിക്കുന്നു. എന്റെ കുടുംബപശ്ചാത്തലത്തിലുമുണ്ടായിരുന്നു പോർച്ചോരയുടെ പാടുകൾ. ഞാൻ ജനിക്കുമ്പോൾ 67 വയസ്സുണ്ടായിരുന്ന എന്റെ പിതാവ്, നെപ്പോളിയനെതിരെ നടന്ന യുദ്ധങ്ങളുടെ കാലത്ത് പിറന്നയാളായിരുന്നു. ഇരുവരും പോരാളികളുമായി...

എന്നുവെച്ച് എനിക്ക് ഒരു മാതൃരാജ്യമുണ്ടായിക്കൂടാ എന്നൊന്നുമില്ലല്ലോ. പക്ഷേ, എനിക്കതുണ്ടായിരുന്നില്ല. സ്വിറ്റ്സർലന്റിൽ പിറന്നു എന്നല്ലാതെ ഞാൻ




സ്വിസ്സുകാരനല്ല. എന്റെ മാതാവ് ഫ്രാൻസിൽ വളരുകയും ഫ്രഞ്ചുകാരെ മറ്റാരേക്കാളും ഇഷ്ടപ്പെടുകയും ചെയ്തിരുന്നു; പക്ഷേ ഞാൻ ഫ്രഞ്ചുമല്ല. ഇനി, ഞാൻ ഇംഗ്ലീഷുകാരനാണെന്ന് പറയാനാമോ? എനിക്ക് ഒരിക്കലുമങ്ങനെ തോന്നിയിട്ടില്ല. മാതാവ് എപ്പോഴും പറയുമായിരുന്നു, ഇംഗ്ലീഷുകാർ നിസ്സംഗരും ബുദ്ധിഹീനരും ആൺ പെൺ ബോധമില്ലാത്തവരും സംസ്കാര വിഹീനരുമാണെന്ന്. അങ്ങനെയാകാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. അപ്പോൾ ഞാൻ എവിടത്തുകാരനാണ്? അസാധാരണമായ ഈ ബാല്യകാല അവസ്ഥ പിന്നീട് ഇസ്‌ലാമുമായി അടുക്കാൻ എന്നെ ഒരുക്കിയെന്നു തോന്നുന്നു. എവിടത്തുകാരനായാലും ഏതു വംശക്കാരനായാലും മുസ്‌ലിമിന്റെ നാട് ദാറുൽ ഇസ്‌ലാമാണ്-ഇസ്‌ലാം എന്ന വീട്. ഇഹപര ലോകങ്ങളിൽ അവന്റെ പാസ്പോർട്ട് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ലളിതമായ വിശ്വാസ പ്രഖ്യാപനമാണ്. ഈ ലോകത്ത് സുസ്ഥിരതയോ സുരക്ഷിതത്വമോ അവൻ പ്രതീക്ഷിക്കുന്നില്ല. പ്രതീക്ഷിച്ചുകൂടാ. നാളെ മരിക്കേണ്ടവനാണ് താൻ എന്ന് അവനെപ്പോഴും ഓർത്തിരിക്കണം. ദുർബലമായ ഈ ഭൂമിയിൽ അവന് ആഴത്തിൽ വേരുകൾ ഓടില്ല, അവന്റെ വേരുകൾ എന്നുമെന്നും നിലനിൽക്കുന്ന പരത്തിലാണ്.

ക്രിസ്തുമതത്തിന്റെ കാര്യമോ? എന്റെ പിതാവിന് മതവിശ്വാസമുണ്ടായിരുന്നോ എന്നറിയില്ല. ഉണ്ടായിരുന്നെങ്കിൽ തന്നെ അദ്ദേഹം അതൊന്നും പുറത്തുപറയാറില്ലായിരുന്നു. മരണക്കിടക്കയിൽ വെച്ച് (90-ന് അടുത്തിരുന്നു) അദ്ദേഹം ചോദിച്ചു: "സന്തോഷമുള്ള സ്ഥലം എന്നൊന്നുണ്ടോ?'' എന്നെ വളർത്തിയത് മുഴുവൻ എന്റെ മാതാവായിരുന്നു. മതവിരുദ്ധമായിരുന്നില്ല അവരുടെ പ്രകൃതം. എങ്കിലും മതപരമായ ചട്ടക്കൂട്ടിൽ വളർന്നുവന്ന അവർക്ക് സംഘടിത മതമെന്ന് പൊതുവെ വിളിക്കപ്പെടുന്നതിനോട് വിരോധമായിരുന്നു. ഒരു കാര്യം അവർ തീർച്ചപ്പെടുത്തിയിരുന്നു. തന്റെ മകൻ സ്വയം ചിന്തിക്കണം; മറ്റുള്ളവരുടെ അഭിപ്രായങ്ങൾ അംഗീകരിക്കാൻ അവനെ നിർബന്ധിക്കില്ല. മതത്തെ തൊണ്ടയിലൂടെ കുത്തിയിറക്കുന്നതിൽനിന്ന് എന്നെ സംരക്ഷിക്കുമെന്ന് അവർ ഉറപ്പിച്ചിരുന്നു. ഒന്നിനു പിറകെ ഒന്നായി ഒരുപാട് ആയമാർ എന്നെ നോക്കാൻ വന്നുപോയിക്കൊണ്ടിരുന്നു; ഒഴിവുകാലത്ത് ഞങ്ങൾ ഫ്രാൻസിലേക്ക് പോയപ്പോഴും ആയമാരുണ്ടായിരുന്നു. ഇവരോടെല്ലാം ഉമ്മ ഒരു കാര്യം തറപ്പിച്ചു പറഞ്ഞു. മതത്തിന്റെ കാര്യമെന്തെങ്കിലും എന്നോട് പറഞ്ഞുപോയാൽ ഉടനെ പിരിച്ചുവിടും. എന്നിട്ടും എന്റെ അഞ്ചാമത്തെയോ ആറാമത്തെയോ വയസ്സിൽ ഒരു വാല്യക്കാരി ആ കൽപന ലംഘിച്ചു: 'മുസ്‌ലിമിസം' എന്ന വഴികേടിൽ പെട്ടുപോയ അറേബ്യയിലെ നിർഭാഗ്യവാന്മാരായ ജനങ്ങളെ രക്ഷിച്ചെടുക്കാൻ ഒരു മിഷനറിയായി അങ്ങോട്ട് പോകാനാണ് താനാഗ്രഹിക്കുന്നതെന്ന് അവർ എന്നോട് പറഞ്ഞു. അറേബ്യയെപ്പറ്റി ഞാൻ ആദ്യമായി കേൾക്കുകയാണ്. ആ നിഗൂഢ പ്രദേശത്തിന്റെ ഒരു ഭൂപടം അവരെനിക്ക് വരച്ചുതന്നു.


ഞങ്ങളന്ന് വാൻസ്‌വർത്ത് കോമണിലാണ് താമസം. ഒരു ദിവസം വാൻസ്‌വർത്ത് ജയിലിനു മുമ്പിലൂടെ എന്നെയും കൊണ്ട് ആയ നടക്കുകയായിരുന്നു.

ഞാനെന്തോ കുസൃതി കാണിച്ചിരിക്കണം; അവരെന്റെ കൈയിൽ പിടിമുറുക്കി, ജയിൽ കവാടത്തിനു നേരെ വിരൽചൂണ്ടിയിട്ട് പറഞ്ഞു: 'ദാ ആകാശത്ത് ചുവന്ന തലമുടിയുള്ള ഒരാളുണ്ട്. വികൃതി കാണിച്ചാൽ അയാൾ നിന്നെ പിടിച്ച് അതിനകത്തിടും!' ദൈവത്തെ ഞാനാദ്യമായി പരിചയപ്പെടുന്നത് അങ്ങനെയാണ്. എനിക്ക് പേടിയായി. ചുവന്ന തലമുടിക്കാരെ എനിക്ക് ആദ്യമേ പേടിയായിരുന്നത് ആയ അറിഞ്ഞുകാണണം. ഇതാകട്ടെ മേഘക്കൂട്ടങ്ങളിലിരുന്ന് വികൃതിക്കുട്ടികളെ ശിക്ഷിക്കുന്നയാൾ- ഞാനാകെ വിരണ്ടു. വീട്ടിലെത്തിയ ഉടനെ ഈ ആളെപ്പറ്റി ഞാൻ മാതാവിനോട് ചോദിച്ചു. എന്തു പറഞ്ഞാണ് അവരെന്നെ സമാധാനിപ്പിച്ചതെന്ന എനിക്കോർമയില്ല. പക്ഷേ, വാല്യക്കാരിയെ ഉടൻതന്നെ പറഞ്ഞുവിട്ടു.

പിൽക്കാലത്ത് എന്നെ സ്കൂളിലയച്ചു. മിക്ക കുട്ടികളെയും ചേർക്കുന്നതിലും വൈകിയായിരുന്നു അത്. ഒരു സ്കൂളിലല്ല, ഇംഗ്ലണ്ടിലെ പല സ്കൂളുകളിലായി പോയ ശേഷം പതിനാലാം വയസ്സിൽ ഞാൻ ചാർട്ടർഹൗസിലെത്തി. സ്കൂൾ ചാപ്പലിലെ പ്രാർഥനകളും ബൈബിൾ ക്ലാസ്സുകളുമൊക്കെയായി ക്രിസ്തുമതം എന്നിൽ സ്വാധീനമുണ്ടാക്കി എന്നല്ലേ നിങ്ങൾ കരുതുന്നുണ്ടാവുക? ഒട്ടുമില്ല! എന്നിലെന്നല്ല, എന്റെ സ്കൂൾ ചങ്ങാതിമാരിലും അവ ഒരു ഫലവും സൃഷ്ടിച്ചില്ല. എനിക്കതിലൊട്ട് അതിശയവുമില്ല. ജീവിതത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഒരൊറ്റ കള്ളിയിൽ മാത്രമായി തളച്ചിടപ്പെട്ട മതത്തിനുണ്ടോ ഫലപ്രദമായി നിലനിൽക്കാനാവുന്നു! മതമെന്നാൽ ഒന്നുകിൽ എല്ലാമാണ്; അല്ലെങ്കിൽ ഒന്നുമല്ല. ഒന്നുകിൽ അത് സകല ലൗകിക ജ്ഞാനങ്ങളെയും ചെറുതാക്കിക്കളയുന്നു; അല്ലെങ്കിൽ അവ അതിനെ ചെറുതാക്കുന്നു. ആഴ്ചതോറും ഒന്നോ രണ്ടോ തവണ ഞങ്ങൾക്ക് ബൈബിൾ ക്ലാസ്സുണ്ടാകും- മറ്റു വിഷയങ്ങളിൽ മറ്റു ക്ലാസുകളുള്ളതുപോലെ. വിദ്യാഭ്യാസത്തിന്റെ നട്ടെല്ലായ മുഖ്യ വിജ്ഞാനങ്ങളുമായി മതത്തിന് ഒരു ബന്ധവുമില്ലെന്നാണ് വെപ്പ്. ചരിത്ര സംഭവങ്ങളിൽ ദൈവം ഇടപെടുന്നില്ലെന്ന്. ശാസ്ത്ര ക്ലാസ്സുകളിൽ ഞങ്ങൾ പഠിച്ച പ്രതിഭാസങ്ങളൊന്നും നിർണയിക്കുന്നത് ദൈവമല്ലെന്ന്. നടപ്പു സംഭവങ്ങളിൽ അവന് ഒരു പങ്കുമില്ലെന്ന്. വെറും ആകസ്മികതകളുടെയും ഭൗതികശക്തികളുടെയും മാത്രം നിയന്ത്രണത്തിലുള്ള ലോകത്തെ മനസ്സിലാക്കാൻ അതിന്റെ അതിരുകൾക്കപ്പുറത്ത് ഉള്ളതോ ഇല്ലാത്തതോ ആയ ഒന്നിനെപ്പറ്റിയും പഠിക്കേണ്ടതില്ലെന്ന്. ആവശ്യങ്ങൾ കഴിഞ്ഞു മിച്ചം വരുന്നതാകുന്നു ദൈവം...

പക്ഷേ എനിക്ക് എന്റെ അസ്തിത്വത്തിന്റെ പൊരുൾ അറിയേണ്ടതുണ്ടായിരുന്നു. ഇങ്ങനെയൊരു ജിജ്ഞാസ ജീവിതത്തിലെപ്പോഴെങ്കിലും അനുഭവിച്ചിട്ടുള്ളവർക്കേ അതിന്റെ തീക്ഷ്ണത മനസ്സിലാവൂ. വിശപ്പ്, കാമം പോലെ തീവ്രമാണത്. ഞാൻ എങ്ങോട്ട്, എന്തിന് പോകുന്നു എന്നറിയാതെ ഒറ്റ ചുവട് വെക്കാൻ എനിക്കെങ്ങനെ കഴിയും? എന്റെ കർമങ്ങൾ മൊത്തം കാര്യങ്ങളിലെന്ത് പങ്കുവഹിക്കുന്നു എന്നറിയാതെ ഒന്നും തന്നെ ചെയ്യാൻ എനിക്കാവുമായിരുന്നില്ല. എനിക്കറിയാവുന്നതായി ഞാനറിഞ്ഞത്, എനിക്കൊന്നും അറിയില്ല എന്നതു മാത്രം- ഒന്നും, നിസ്സാര കാര്യങ്ങൾ പോലും. കനത്ത മൂടൽ മഞ്ഞിൽ നിശ്ചലനാക്കപ്പെട്ട പോലെ എന്റെ പാദങ്ങൾ മരവിച്ചു.

എവിടെനിന്ന് കിട്ടും അറിവ്? 15 വയസ്സായപ്പോഴേക്കും ഞാൻ 'തത്ത്വജ്ഞാനം' എന്ന ഒന്നുണ്ടെന്ന് കണ്ടെത്തി. അറിവിനോടുള്ള ഇഷ്ടം എന്നർഥമുള്ള 'ഫിലോസഫി'. എനിക്ക് വേണ്ടത് അറിവാണല്ലോ. അപ്പോൾ ജ്ഞാനികൾ രചിച്ച ഈ കനത്ത ഗ്രന്ഥങ്ങളിൽ എന്റെ ആവശ്യങ്ങളുടെ പൂർത്തീകരണമുണ്ടാകണം. ആരും കണ്ടെ




ത്തിയിട്ടില്ലാത്ത ഏതോ നാട് കാഴ്ചയിൽ പെട്ട പര്യവേക്ഷകനെപ്പോലെ വല്ലാത്ത ആവേശത്തോടെ ഞാൻ ദേകാർത്, കാന്റ്, ഹ്യൂം, സ്പിനോസ, ഷോപനോവർ, ബെർട്രൻഡ് റസൽ എന്നിവരെ കോരിക്കുടിച്ചു; അല്ലെങ്കിൽ അവരുടെ അധ്യാപനങ്ങൾ വിശദീകരിക്കുന്ന പുസ്തകങ്ങൾ വായിച്ചു. ഏറെ കഴിഞ്ഞില്ല, എനിക്ക് എന്തോ ഒന്നിന്റെ കുറവ് അനുഭവപ്പെട്ടു തുടങ്ങി. മണൽ ഭക്ഷിച്ച് പോഷണം തേടുന്നതുപോലെയാണ് ഈ പുസ്തകങ്ങൾ വായിക്കുന്നതെന്ന് എനിക്ക് തോന്നി. ഈ മനുഷ്യർക്ക് ഒന്നുമറിയില്ല. അവർ പറയുന്നത് വെറും തോന്നലുകളാണ്. സ്വന്തം ദരിദ്ര മസ്തിഷ്കങ്ങളിൽ നിന്ന് ആശയങ്ങൾ കെട്ടിക്കൂട്ടി ഉണ്ടാക്കുകയാണ്. തോന്നലുകൾ പറയാൻ ആർക്കും കഴിയും- ഒരു സ്കൂൾ കുട്ടിക്കു വരെ. എങ്ങനെയാണ് 15-ഓ 16ഓ വയസ്സു മാത്രമുള്ള ഒരു കുട്ടിക്ക് പടിഞ്ഞാറൻ മതരഹിത തത്ത്വ ശാസ്ത്രത്തെ മുഴുവൻ തള്ളിക്കളയാൻ ധൈര്യം കിട്ടിയത്? 'ദന്ന്' (ഊഹം) എന്ന് ഖുർആൻ വിളിക്കുന്നതും സാക്ഷാൽ അറിവും തമ്മിൽ വേർതിരിച്ചു മനസ്സിലാക്കാൻ പ്രായപൂർത്തിയാവുകയൊന്നും വേണ്ട. മാത്രമല്ല, മറ്റുള്ളവർ എന്തു പറയുന്നു, എന്തു ചിന്തിക്കുന്നു എന്നൊന്നും നോക്കേണ്ടതില്ല എന്ന എന്റെ മാതാവിന്റെ ആവർത്തിച്ചുള്ള ഉപദേശം എന്നെ സ്വന്തം വിവേകത്തെ മാത്രം വിശ്വസിക്കാൻ നിർബന്ധിച്ചു. ഈ 'തത്ത്വജ്ഞാനി'കളെ മഹാന്മാരായിട്ടാണ് പാശ്ചാത്യ സംസ്കാരം പരിഗണിച്ചത്. സർവകലാശാലകളിലെ വിദ്യാർഥികൾ ഇവരുടെ രചനകൾ ആദരപൂർവം പഠിച്ചു. പക്ഷേ അതുകൊണ്ടൊക്കെ എനിക്കെന്ത്?

കുറച്ചുകൂടി കഴിഞ്ഞ്, എന്നിൽ പ്രത്യേക താൽപര്യമെടുത്തിരുന്ന ഒരു അധ്യാപകൻ, എനിക്ക് മനസ്സിലാകാത്ത വിചിത്രമായൊരുകാര്യം എന്നെപ്പറ്റി പറഞ്ഞു: "ഞാൻ കണ്ട ഒരേയൊരു 'സർവ സന്ദേഹവാദി' നീയാണ്." മതത്തിന്റെ കാര്യം മാത്രമല്ല അദ്ദേഹം ഉദ്ദേശിച്ചത്. മറ്റുള്ളവർ ചോദ്യം ചെയ്യാതെ അംഗീകരിച്ച എല്ലാറ്റിനെയും ഞാൻ സംശയിക്കുന്നുവത്രെ. എനിക്ക് അറിയേണ്ടിയിരുന്നത് ഇതാണ്: ഭക്ഷണവും പാർപ്പിടവും ഇണയും കണ്ടെത്താൻ ഉപയുക്തമായ നമ്മുടെ യുക്തിക്ക് ലൗകിക മേഖലക്കപ്പുറം വ്യാപരിക്കാമെന്ന് എങ്ങനെ കരുതാനാവും? 'കൊല്ലരുത്' എന്ന വേദകൽപന ജൂതന്മാരോ ക്രിസ്ത്യാനികളോ അല്ലാത്തവർക്കും ബാധകമാണെന്ന വിചാരം എനിക്ക് മനസ്സിലായില്ല. ഇത്രയേറെ സുന്ദരിമാരുള്ള ലോകത്ത് ഏക ഭാര്യത്വം എന്തിന് സാർവത്രികമാകണമെന്നും മനസ്സിലായില്ല. എന്തിനേറെ, ഞാനെന്റെ അസ്തിത്വത്തെപ്പോലും സംശയിച്ചു. പിൽക്കാലത്ത് ഞാൻ വായിച്ച ആ കഥയുണ്ടല്ലോ. ചുവാങ് സൂ എന്ന ചൈനീസ് ജ്ഞാനിയുടെ കഥ. ഒരു രാത്രി അദ്ദേഹം, താനൊരു ചിത്രശലഭമാണെന്ന് സ്വപ്നം കണ്ടു. ഉണർന്നപ്പോൾ അദ്ദേഹത്തിന് സംശയം: താൻ ചിത്രശലഭമാണെന്ന് സ്വപ്നം കണ്ട ചുവാങ് സൂ എന്ന മനുഷ്യനാണോ ഞാൻ, അതോ ചുവാങ് സൂവാണെന്ന് സ്വപ്നം കണ്ട ചിത്രശലഭമോ? അദ്ദേഹത്തിന്റെ ഈ ധർമസങ്കടം എനിക്ക് മനസ്സിലാക്കാനാവും.

എങ്കിലും, അധ്യാപകൻ എന്നെപ്പറ്റി ഇങ്ങനെ പറയുമ്പോൾ തന്നെ ഞാൻ കൂടുതൽ സുനിശ്ചിതമായ അറിവിലേക്കുള്ള ഒരു താക്കോൽ കണ്ടെത്തിക്കഴിഞ്ഞി

രുന്നു. ആകസ്മികമായി- ആകസ്മികത എന്നൊന്നില്ലെങ്കിലും- ഞാനൊരു പുസ്തകം കാണാനിടയായി. ഈജിപ്ത് വിജ്ഞാനീയ വിദഗ്ധനായിരുന്ന ഒരു പ്രഫസർ പെറി എഴുതിയ 'ദ പ്രൈമോഡിയൽ ഓഷൻ' (ആ പ്രാക്തന സമുദ്രം). പ്രാചീന ഈജിപ്തുകാർ പാപിറസ് ബോട്ടുകളിൽ പലേടങ്ങളിലും സഞ്ചരിച്ച് തങ്ങളുടെ മതവും പുരാണങ്ങളും ലോകമെങ്ങും പ്രചരിപ്പിച്ചിരുന്നു എന്ന് ഗ്രന്ഥകാരൻ ഉറച്ചു വിശ്വസിച്ചിരുന്നു. ഇത് തെളിയിക്കാൻ അദ്ദേഹം ഒരുപാട് വർഷം ചെലവഴിച്ച് പുരാതന മിത്തോളജികളും ഒപ്പം നമ്മുടെ തന്നെ കാലത്തെ 'പ്രാചീന' ജനതകളുടെ മിത്തുകളും ചിഹ്നങ്ങളുമെല്ലാം പഠിച്ചു. അദ്ദേഹം കണ്ടെത്തിയതാകട്ടെ വിശ്വാസങ്ങളിലെ അമ്പരപ്പിക്കുന്ന ഐകരൂപ്യമാണ്. പലതരം പ്രതീകങ്ങളിലൂടെ പ്രകാശിപ്പിക്കപ്പെട്ട ഒരേ വിശ്വാസം. പാപിറസ് ബോട്ടുകളിൽ സഞ്ചരിച്ചെന്ന സിദ്ധാന്തം പ്രഫ. പെറിക്ക് തെളിയിക്കാനായില്ല. എന്നാൽ തീർത്തും വ്യത്യസ്തമായ മറ്റൊന്ന് അദ്ദേഹം തെളിയിച്ചതായി ഞാൻ കണ്ടു. രൂപങ്ങളുടെയും ചിഹ്നങ്ങളുടെയുമൊക്കെ സാകല്യത്തിനു പിന്നിൽ ചില സാർവ ലൗകിക സത്യങ്ങൾ ഉണ്ട്. യാഥാർഥ്യത്തിന്റെ സ്വഭാവം, പ്രപഞ്ചത്തിന്റെയും മനുഷ്യകുലത്തിന്റെയും സൃഷ്ടിപ്പ്, മനുഷ്യാനുഭവങ്ങളുടെ പൊരുൾ എന്നിവ സംബന്ധിച്ച സാർവത്രിക സത്യങ്ങൾ. നമ്മുടെ രക്തത്തിലും അസ്ഥികളിലും ഇഴുകിച്ചേർന്ന സത്യങ്ങൾ.


ആധുനിക ലോകത്ത് അവിശ്വാസത്തിന്റെ മുഖ്യ കാരണങ്ങളിലൊന്ന് പരസ്പരം എതിരു നിൽക്കുന്നതായി തോന്നിക്കുന്ന അനേകം മതങ്ങളാണ്. യൂറോപ്യന്മാർക്ക് സ്വന്തം വംശീയ മികവിൽ വിശ്വാസമുണ്ടായിരുന്ന കാലത്ത് ക്രിസ്തുമതമാണ് സത്യമതമെന്ന കാര്യത്തിൽ അവർക്ക് സംശയമുണ്ടായിരുന്നില്ല. 'പരിണാമ പ്രക്രിയ'യിലെ മുകളറ്റമാണ് തങ്ങളെന്ന് ധാരണയുള്ളതിനാൽ മറ്റു മതങ്ങളെല്ലാം അനശ്വരങ്ങളായ ചോദ്യങ്ങൾക്കുള്ള ചപല മറുപടികൾ മാത്രമാണെന്ന് അവർക്ക് കരുതാനായി. ഈ വംശീയ ആത്മവിശ്വാസം കെട്ടു തുടങ്ങിയപ്പോഴാണ് സംശയങ്ങൾ തലനീട്ടിയത്. നല്ലവനായ ദൈവമെങ്ങനെയാണ് ഭൂരിപക്ഷം മനുഷ്യരെ വ്യാജ മതങ്ങൾക്ക് വിട്ടുകൊടുക്കുക? താൻ മാത്രമാണ് രക്ഷിക്കപ്പെട്ടതെന്ന് വിശ്വസിക്കാൻ ക്രിസ്ത്യാനികൾക്കെങ്ങനെ കഴിയും? മുസ്‌ലിംകൾക്കെങ്ങനെ കഴിയും? ആരു പറയുന്നത് ശരി, ആര് പറയുന്നത് തെറ്റ് എന്നെല്ലാം എങ്ങനെ ഉറപ്പിക്കാം? പെറിയുടെ പുസ്തകം വായിക്കുന്നതുവരെ, മറ്റുള്ളവരെപ്പോലെ ഞാനും ഇതിനു മറുപടിയായി കണ്ടത് ഒന്നു മാത്രം. എല്ലാവരും പറയുന്നത് ശരിയാകാനിടയില്ലെന്നതിനാൽ എല്ലാവരും പറയുന്നത് തെറ്റാണ്. മതം ഒരു മതിഭ്രമമാണ്- മോഹചിന്തയുടെ ഉൽപന്നം. 'മതസങ്കൽപങ്ങ'ളുടെ സ്ഥാനത്ത് 'ശാസ്ത്ര സത്യങ്ങൾ' പകരം വെച്ച് തൃപ്തിയടയാൻ മറ്റുള്ളവർക്ക് സാധ്യമായേക്കാം. എനിക്കത് വയ്യ; കാരണം ശാസ്ത്രം അനുമാനങ്ങളെയാണ് അടിത്തറയാക്കുന്നത്. യുക്തിയുടെ അപ്രമാദിത്വം, ഇന്ദ്രിയാനുഭൂതികളുടെ യാഥാർഥ്യം തുടങ്ങിയ ഈ അടിസ്ഥാന അനുമാനങ്ങൾ ഒരിക്കലും തെളിയിക്കാൻ കഴിഞ്ഞിട്ടില്ലല്ലോ.

പെറിയുടെ പുസ്തകം വായിക്കുന്ന സമയത്ത് എനിക്ക് ഖുർആനെപ്പറ്റി ഒന്നുമറിയില്ല. അത് പിന്നീടാണ്. ഇസ്‌ലാമിനെപ്പറ്റി കേട്ടറിഞ്ഞ അൽപം ചിലത്, ഒരായിരം വർഷത്തെ എതിരിടലിലൂടെ കുന്നുകൂടിയ മുൻവിധികളാൽ വികലമാക്കപ്പെട്ട കാര്യങ്ങളും. അന്നു ഞാൻ മനസ്സിലാക്കിയില്ലെങ്കിലും ക്രിസ്തുമതത്തിന്റെ മഹാ എതിരാളിയുടെ ഭാഗത്തേക്കുള്ള ഒരു ചുവട് ഞാൻ എടുത്തുകഴിഞ്ഞിരുന്നു. ഭൂമിയിൽ ഒരു ജനതക്കും ദൈവിക മാർഗദർശനം നൽകപ്പെടാതെ പോയിട്ടില്ലെന്ന് ഖുർആൻ ഉറപ്പുനൽകുന്നു. ഓരോ ജനതയോടും അവരുടെ 'ഭാഷയിൽ' അവരുടെ സവി

ശേഷ സാഹചര്യങ്ങളും ആവശ്യങ്ങളുമനുസരിച്ച് സംവദിച്ച ഒരു ദൈവിക ദൂതൻ മുഖേന മാർഗദർശനവും സത്യപ്രമാണവും നൽകപ്പെട്ടിട്ടുണ്ട്. ആ സന്ദേശങ്ങൾ കാലക്രമത്തിൽ വികലമാക്കപ്പെടുന്നുവെന്ന് പറയേണ്ടതില്ല. തലമുറകൾ തോറും കൈമാറ്റം ചെയ്യപ്പെടുമ്പോൾ സത്യത്തിന് അർഥവൈകല്യം വരുന്നു. അപ്പോഴും മൂല സന്ദേശത്തിന്റെ ശേഷിപ്പുകൾ ബാക്കി കിടക്കുക സ്വാഭാവികം. മിത്തുകളുടെയും പ്രതീകങ്ങളുടെയും (മുൻകാല ജനതകളുടെ 'ഭാഷ' അതാണ്) ആവരണത്തിൽ പൊതിഞ്ഞ ഈ ശേഷിപ്പുകൾ വെളിപാടു സത്യത്തിൽ നിന്നു വന്നതാണെന്നും അന്തിമ ദൗത്യത്തെ സ്ഥിരീകരിക്കുന്നതാണെന്നും കരുതുന്നത് ഇസ്‌ലാമിക വിശ്വാസത്തിന് തീർത്തും അനുയോജ്യമാണെന്ന് ഞാൻ കരുതുന്നു.

ചാർട്ടർഹൗസിൽനിന്ന് ഞാൻ കാംബ്രിഡ്ജിലേക്ക് പോയി. അവിടത്തെ ഔദ്യോഗിക പഠനത്തിൽ ഞാൻ ഉഴപ്പി. അത് നിസ്സാരവും വിരസവുമായിരുന്നു. എന്റെ ശ്രദ്ധ മുഴുവൻ പരമപ്രധാനമെന്ന് എനിക്ക് തോന്നിയ വിഷയത്തിലായിരുന്നു. വർഷം 1939. ഞാൻ യൂനിവേഴ്സിറ്റിയിലേക്ക് കടന്നുചെല്ലുമ്പോഴേക്കും യുദ്ധം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. രണ്ടു വർഷം കൂടി കഴിഞ്ഞാൽ ഞാൻ സൈന്യത്തിൽ ചേരണം. ജർമൻകാർ എന്നെ കൊല്ലുമെന്ന് മുമ്പേ കരുതിവന്ന ഞാൻ, അത് ഉറപ്പിക്കാറായി എന്നുതന്നെ വിചാരിച്ചു. എന്നെ വേട്ടയാടുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ഇനി വളരെ കുറച്ചു സമയം മാത്രം. എന്നിട്ടും ഞാൻ ഏതെങ്കിലും സംഘടിത മതത്തിലേക്ക് ആകൃഷ്ടനായില്ല. എന്റെ പല സുഹൃത്തുക്കളെയും പോലെ എനിക്കും ചർച്ചുകളോട് പുഛമായിരുന്നു. തങ്ങളറിയാത്ത ഒരു ദൈവത്തിന് അധരസേവ ചെയ്യുന്ന എല്ലാവരോടും അവജ്ഞയായിരുന്നു. എന്നാൽ ഈ ശത്രുതയിൽ അയവു വരുത്താൻ ഞാൻ നിർബന്ധിതനായ സന്ദർഭമുണ്ടായി.

അരനൂറ്റാണ്ടിലേറെ കഴിഞ്ഞിട്ടും ഞാനാരംഗം വ്യക്തമായി ഓർക്കുന്നു. കിംഗ്സ് കോളേജിന്റെ ഹാളിൽ അത്താഴത്തിനു ശേഷം കാപ്പി മൊത്തിക്കൊണ്ട് ഞങ്ങൾ ചിലർ ഇരുന്നു. സംഭാഷണം മതത്തിലേക്ക് തിരിഞ്ഞു. തീൻമേശയുടെ അറ്റത്ത്, സാമർഥ്യത്തിനും ബുദ്ധികൂർമക്കും പേരെടുത്ത ഒരു ബിരുദ വിദ്യാർഥിയായിരുന്നു. അവനിൽ മതിപ്പുളവാക്കാൻ, സംസാരത്തിലെ ഒരിടവേളയിൽ ഞാൻ പറഞ്ഞു: "മതങ്ങൾ പറയുന്ന ദൈവത്തിൽ വിശ്വസിക്കാൻ ഇക്കാലത്ത് ബുദ്ധിയുള്ള ആരെയും കിട്ടില്ല." അവൻ അൽപമൊരു ദുഃഖത്തോടെ എന്നെ നോക്കി. എന്നിട്ട് പറഞ്ഞു: "മറിച്ചാണ് കാര്യം. ഇന്ന് ബുദ്ധിയുള്ളവർ മാത്രമാണ് ദൈവത്തിൽ വിശ്വസിക്കുന്നത്." ജാള്യം കൊണ്ട്, മേശക്കടിയിലൂടെ രക്ഷപ്പെട്ടാലോ എന്നാലോചിച്ചു പോയി ഞാൻ.




എന്നേക്കാൾ നാൽപതു വയസ് മൂപ്പുള്ള പക്വമതിയായ ഒരു സ്നേഹിതൻ എനിക്കുണ്ടായിരുന്നു. എനിക്ക് വിശ്വസനീയനായി തോന്നിയ ആൾ. 'ഇംഗ്ലണ്ടിന്റെ ഒരേയൊരു ദാർശനിക നോവലിസ്റ്റ്' എന്നറിയപ്പെടുന്ന എൽ.എച്ച് മയേഴ്സ്. അദ്ദേഹത്തിന്റെ പ്രധാന കൃതിയായ 'ദ റൂട്ട് ആന്റ് ദ ഫ്ളവർ' (വേരും പൂവും) എന്നെ അലട്ടിയ ഒരുപാട് ചോദ്യങ്ങൾക്ക് മറുപടി തന്നു; മാത്രമല്ല, വല്ലാത്തൊരു ശാന്തതയും

ആർദ്രതയും അത് പകർന്നുതന്നു. ഈ ജീവിതത്തിൽ മനുഷ്യന് ഏറ്റവും വലിയ സദ്ഗുണം ആർദ്രതയാണെന്നും എനിക്ക് തോന്നി. ഒരു കൊടുങ്കാറ്റിനും ഇളക്കാൻ കഴിയാത്ത ആളാണിത്. മനുഷ്യാസ്തിത്വത്തിന്റെ പ്രക്ഷുബ്ധതകളെ വിവേകത്തിന്റെ കണ്ണുകൊണ്ട് നോക്കിക്കാണുന്ന ആൾ. ഞാൻ അദ്ദേഹത്തിന് എഴുതി. വൈകാതെ അദ്ദേഹം മറുപടിയുമെഴുതി. അടുത്ത മൂന്നു വർഷം ഞങ്ങൾ മാസം രണ്ടുതവണ യെങ്കിലും പരസ്പരം കത്തെഴുതും. ഞാനെന്റെ ഹൃദയം മുഴുവൻ അദ്ദേഹത്തിനു മുമ്പിൽ തുറക്കും. അദ്ദേഹമാകട്ടെ, തന്നെ ശരിക്കും മനസ്സിലാക്കുന്ന ഒരാളെ ഒടുവിൽ കിട്ടി എന്ന ബോധ്യത്തോടെ അതേ മട്ടിൽ മറുപടി അയക്കും. അങ്ങനെ ഞങ്ങൾ തമ്മിൽ കണ്ടു; അത് ഞങ്ങളുടെ സൗഹൃദത്തിന് ബലമേകി.

പക്ഷേ, പ്രതീക്ഷിച്ചപോലെയായിരുന്നില്ല എല്ലാം. അദ്ദേഹത്തിന്റെ എഴുത്തുകളിൽ ഒരു അന്തഃസംഘർഷവും ദുഃഖവും നിരാശയും നിഴൽപരത്തുന്നത് ഞാൻ ശ്രദ്ധിച്ചു. ഞാനദ്ദേഹത്തോട് ചോദിച്ചു: "എന്തേ, ശാന്തി മുഴുവൻ പുസ്തകത്തിലേക്കിട്ട് സ്വന്തമായി ഒന്നും ബാക്കി വെച്ചില്ലേ?" അദ്ദേഹം പ്രതിവചിച്ചു: "അപ്പറഞ്ഞത് കൃത്യം; ഒരുപക്ഷേ നേരും." താൻ ജീവിതം മുഴുവൻ ആനന്ദം തേടുകയായിരുന്നുവെന്നും 'അനുഭവങ്ങൾ' (ഉത്കൃഷ്ടമായതും നീചമായതുമെല്ലാം) തേടുകയായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. സമ്പത്തും സൗകുമാര്യവും പെരുമാറ്റവും ചേർന്ന തന്റെ അപൂർവലബ്ധമായ ആകർഷകത്വത്തെ ചെറുത്തുനിൽക്കാൻ സമ്പന്നരോ ദരിദ്രരോ ആയ അധികം സ്ത്രീകൾക്കും കഴിഞ്ഞിരുന്നില്ല. അവരുടെ വലയിൽ വീഴാതിരിക്കാൻ തനിക്കും കഴിഞ്ഞില്ല. ആത്മീയതയുടെയും യോഗാത്മകതയുടെ (മിസ്റ്റിസിസം)യും വരുതിയിൽ പെട്ട് താൻ ഒരു മതത്തോടും ബന്ധിതനാകാതെ നിന്നു; ഒരു സാമ്പ്രദായിക സദാചാരത്തെയും വകവെച്ചില്ല. പക്ഷേ, ഇപ്പോൾ പ്രായമാകുന്നു. ഈ അവസ്ഥയെ നേരിടാനാവുന്നില്ല. സ്വയം മാറാൻ ശ്രമിച്ചു നോക്കി; കഴിഞ്ഞകാലത്തെച്ചൊല്ലി പശ്ചാത്തപിച്ചു; പക്ഷേ വൈകിപ്പോയിരിക്കുന്നു.

ഞങ്ങളുടെ എഴുത്തുകുത്തുകൾ തുടങ്ങി മൂന്നു വർഷം കഴിഞ്ഞേയുള്ളൂ, അദ്ദേഹം ഒരുനാൾ ആത്മഹത്യ ചെയ്തു. അദ്ദേഹത്തോടുള്ള എന്റെ സ്നേഹം കുറഞ്ഞില്ല. പിന്നീട് എന്റെ മൂത്ത മകന് ഞാൻ അദ്ദേഹത്തിന്റെ പേരിട്ടു- ലിയോ.

ലിയോ മയേഴ്സിന്റെ പുസ്തകങ്ങളിൽനിന്ന് പഠിച്ചതിനെക്കാളൊക്കെ കൂടുതൽ അദ്ദേഹത്തിന്റെ മരണം എന്നെ പഠിപ്പിച്ചു- അതിന്റെ പൊരുൾ ശരിക്കും പിടികിട്ടാൻ കുറച്ചു വർഷം കൂടി എടുത്തെങ്കിലും. അദ്ദേഹത്തിന്റെ ജ്ഞാനവും വിവേകവും തലയിൽ മാത്രമായിരുന്നു. മാനുഷിക പദാർഥത്തിലേക്ക് അത് ഇറങ്ങിച്ചെന്നില്ല. ആത്മീയ ഗ്രന്ഥങ്ങൾ വായിച്ചും മഹാ തത്ത്വജ്ഞാനികളുടെ രചനകൾ പഠിച്ചും ഒരാൾക്ക് ആയുസ്സ് മുഴുവൻ ചെലവിടാം. ആകാശഭൂമികളുടെ രഹസ്യങ്ങളെല്ലാം ചൂഴ്ന്നെടുത്തതായി വിചാരിക്കാം. പക്ഷേ, ഈ അറിവ് തന്റെ പ്രകൃതത്തിലേക്ക് സന്നിവേശിപ്പിക്കുകയും തന്നെ പരിവർത്തിപ്പിക്കുകയും ചെയ്യാത്തേടത്തോളം കാലം അത് വന്ധ്യമാണ്. എനിക്ക് തോന്നി, വിശ്വാസിയായ ഒരു സാധു മനുഷ്യൻ മനസ്സിലേറെയില്ലാതെയും എന്നാൽ ഹൃദയം നിറഞ്ഞും ദൈവത്തോട് പ്രാർഥിക്കുന്നുവെങ്കിൽ അയാൾ ആത്മീയ ജ്ഞാനങ്ങളിൽ വിശാരദനായ പണ്ഡിതനേക്കാൾ വിലപ്പെട്ടവനാകുമെന്ന്.

ഹിന്ദുവേദാന്തം മയേഴ്സിനെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. രാജയോഗത്തിൽ എന്റെ മാതാവിനുണ്ടായിരുന്ന താൽപര്യം നേരത്തെ എന്നെയും ഈ ദിശയിലേക്ക് തിരിച്ചു. വേദാന്തം എന്റെ മുഖ്യ പഠനവിഷയമായി; ഒടുവിൽ ഇസ്‌ലാമിലേക്ക് എന്നെ

വഴിനടത്തിയതും അതാണ്. മിക്ക മുസ്‌ലിംകൾക്കും ഇത് അമ്പരപ്പുണ്ടാക്കാം. വിഗ്രഹാരാധനയോടുള്ള സന്ധിയില്ലാത്ത വിരോധം ഇസ്‌ലാമിന്റെ അടിത്തറയാണെന്നറിയുന്നവരെ അമ്പരപ്പിക്കുകയും ചെയ്യാം. എന്നാൽ ഇത് എന്റെ മാത്രം അനുഭവമല്ല. ഹിന്ദു ബഹുജനങ്ങളുടെ വിശ്വാസങ്ങൾ എന്തായിരുന്നാലും വേദാന്തം കറകളഞ്ഞ ഏകതയുടെ പ്രമാണമാണ്. അനന്യമായ യാഥാർഥ്യത്തിന്റെ ഇസ്‌ലാം പറയുന്ന 'തൗഹീദി'ന്റെ പ്രമാണ സാക്ഷ്യമാണത്. വിവിധ മതങ്ങളിലെ അടിസ്ഥാനപരമായ ഏകീഭാവം ഉൾക്കൊള്ളാൻ മറ്റാരേക്കാളും മുസ്‌ലിംകൾക്ക് കഴിയും. ആരംഭം മുതലേ മനുഷ്യരാശിയെ പോഷിപ്പിച്ചുവന്ന എല്ലാ മതങ്ങളിലും ഏകത എന്ന തത്ത്വം കിടപ്പുണ്ട്- വിഗ്രഹാരാധനയുടേതായ വ്യർഥകൽപനകൾ അതിനെ പിൽക്കാലത്ത് 'താമരയിലെ മുത്തിനെ'യെന്ന പോലെ മറച്ചിട്ടുണ്ടെങ്കിലും. വ്യക്തിയിലുമുണ്ടല്ലോ ഹൃദയത്തിന്റെ കാതലിനെ മറച്ച് വ്യക്തിഗതമായ ബിംബാരാധനയുടെ സാന്നിധ്യം. അതിശയിക്കാനില്ല. തൗഹീദ് സത്യമാണ്; മഹാനായ ക്രിസ്ത്യൻ തത്ത്വജ്ഞാനി പറഞ്ഞ പോലെ, 'സത്യം മനുഷ്യന് ജന്മസിദ്ധമാണ്.'

കാംബ്രിഡ്ജിൽ എന്റെ സമയം പെട്ടെന്നു തന്നെ തീർന്നു. എന്നെ സാൻഡേഴ്സ്റ്റിലെ റോയൽ മിലിട്ടറി കോളേജിലേക്കയച്ചു. അഞ്ചു മാസം കഴിഞ്ഞപ്പോൾ ഞാൻ ഒരു യുവ സൈനികനായി പുറത്തുവന്നു- കൊല്ലാനോ കൊല്ലപ്പെടാനോ റെഡിയായിട്ട്! യുദ്ധതന്ത്രങ്ങൾ കൂടുതൽ പഠിക്കാൻ എന്നെ അവർ സ്കോർട്ട്ലാന്റിന്റെ വടക്കുള്ള ഒരു റെജിമെന്റിൽ 'അറ്റാച്ച്മെന്റ്' ആയി അയച്ചു. ഇവിടെ സമയം ഇഷ്ടം പോലെ ചെലവഴിക്കാൻ അവസരം കിട്ടി. ഞാൻ കുറെ വായിക്കും. പ്രക്ഷുബ്ധമായ വടക്കൻ സമുദ്രത്തിനു മുകളിലായി ചെങ്കുത്തായി നിൽക്കുന്ന കരിങ്കൽക്കെട്ടുകളിലൂടെ കുറെ നടക്കും. കൊടുങ്കാറ്റു വീശുന്ന ആ അശാന്തതയിൽ ഞാൻ മറ്റൊരിടത്തും കിട്ടാത്ത ശാന്തി അനുഭവിച്ചു. കൂടുതൽ വേദാന്തം വായിച്ചു. പ്രാചീന ചൈനീസ് ദർശനമായ താവോയിസം വായിച്ചു. ഇതൊക്കെ വായിക്കുന്തോറും എന്റെ തീർച്ച വർധിച്ചു. ഒടുവിൽ ഞാനിതാ കാര്യങ്ങളുടെ യാഥാർഥ്യം അറിയുന്നു. വെറും ചിന്തയിലും ഭാവനയിലും മാത്രമായിട്ടാണെങ്കിലും പരമാർഥത്തിന്റെ ലാഞ്ഛന ദർശിക്കുന്നു. ഈ പരമാർഥത്തിനു മുമ്പിൽ മറ്റെല്ലാം വെറും കനവു മാത്രം. ഇപ്പോഴും ഈ പരാമർഥത്തെ 'അല്ലാഹു' എന്നതുപോയിട്ട് 'ദൈവം' എന്നു പോലും വിളിക്കാൻ ഞാൻ തയാറായിക്കഴിഞ്ഞിരുന്നില്ല. ■

**അടുത്ത ലക്കത്തിൽ അവസാനിക്കും**

**വിവ: പ്രഫ. കെ. യാസീൻ അശ്റഫ്**